**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2855 — 17.10.2016 ൽ മറുപടിക്ക്

## മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിലും മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) | മെറ്റേണിറ്റി യൂണിറ്റിന് ആവശ്യമായ കെട്ടിട സൗകര്യം നിലവിലില്ലാത്ത താലൂക്കാസ്ഥാന ആശുപത്രികളിൽ ടി സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പ്രവർത്തി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. |
| (ബി) | നിലവിൽ എത്ര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ മെറ്റേണിറ്റി യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഗൈനക്കോളജിസ്റ്റിന്റെ സേവനത്തോടെ 36 താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളിൽ പ്രസവചികിത്സ നടന്നുവരുന്നു. |
| (സി) | മെറ്റേണിറ്റി യൂണിറ്റുകൾ നിലവിലില്ലാത്ത താലൂക്കാശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; | (സി) | മെറ്റേണിറ്റി യൂണിറ്റുകൾക്ക് അടിസ്ഥാന സൗകര്യക്കുറവുള്ള താലൂക്ക് ആശുപത്രികളിൽ ഘട്ടംഘട്ടമായി പ്രസ്തുത സംവിധാനം ഒരുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | എങ്കിൽ നടപ്പ് സാമ്പത്തിക വർഷം ഈ ലക്ഷ്യത്തിനായി നീക്കിവെച്ചിട്ടുള്ള തുകയെത്രയാണ് ;വിശദാംശം നൽകുമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത നിർമ്മാണ പ്രവർത്തിക്കായി 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ